"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിൽ കുടിവെള്ള വിതരണം നടത്തുന്നതിനായി ആലപ്പുഴ ജില്ലാകളക്ടർക്ക് തുക അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.425/2025/DMD തീയതി,തിരുവനന്തപുരം, 26-06-2025

---

പരാമർശം:- ആലപ്പുഴ ജില്ലാകളക്ടറുടെ 09.06.2025-ലെ DCALP/6118/2025-DMC4 നമ്പർ കത്ത്.

**ഉത്തരവ്**

ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിൽ വെള്ളപ്പൊക്കത്തെത്തുടർന്നുണ്ടായ മടവീഴ്ചമൂലം 2,3,4,5 എന്നീ വാർഡുകളിൽ വെള്ളക്കെട്ട് നിലനിൽക്കുന്നതായും പകർച്ചവ്യാധികളുടെ സാധ്യത ഉയർന്നിരിക്കുകയാണെന്നും പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ആറുപങ്ക്, ചെറുകാലിക്കായൽ, പരുത്തിവളവ് എന്നീ പാടശേഖരങ്ങളിലും ഗുരുതര കുടിവെള്ള ക്ഷാമം അനുഭവപ്പെടുകയാണെന്നും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. മേൽ സാഹചര്യത്തിൽ, പഞ്ചായത്ത് പരിധിയിൽ യന്ത്രവത്കൃത വള്ളങ്ങളിലൂടെ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അനുമതിയും, അതിനായി 10,00,000/- സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്ന് അനുവദിച്ച് നൽകണമെന്ന് പരാമർശ കത്ത് പ്രകാരം ആലപ്പുഴ ജില്ലാകളക്ടർ അപേക്ഷിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ കൈനകരി പഞ്ചായത്തിലെ 2,3,4,5 വാർഡുകളിൽ യന്ത്രവത്കൃത വള്ളങ്ങളിലൂടെ കുടിവെള്ള വിതരണം നടത്തുന്നതിനുള്ള അനുമതി നൽകികൊണ്ടും ആയതിലേയ്ക്കായി 10,00,000/- (പത്ത് ലക്ഷം രൂപ മാത്രം) 2245-02-102-99-F Drinking water supply എന്ന ശീർഷകത്തിൽ നിന്നും ആലപ്പുഴ ജില്ലാകളക്ടർക്ക് അനുവദിച്ച് ഉത്തരവാകുന്നു.

നടപ്പ് സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രൊവിഷനിൽ നിന്ന് തുക വിനിയോഗിക്കേണ്ടതാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയുടെ മാനദണ്ഡപ്രകാരം മാത്രം തുക വിനിയോഗിക്കേണ്ടതും തുകയുടെ വിനിയോഗം സംബന്ധിച്ച വിവരം NDMIS പോർട്ടലിൽ രേഖപ്പെടുത്തേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), (എ&ഇ) കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ, തിരുവനന്തപുരം
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാകളക്ടർ, ആലപ്പുഴ
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി
ട്രഷറി ഡയറക്ടർ,തിരുവനന്തപുരം

പൊതുജന സമ്പർക്ക വകുപ്പ് (Web and New Media)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Sivaprasad V N**
**Date: 26-06-2025 17:19:58**
സെക്ഷൻ ഓഫീസർ